## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2536 06.12. 2018 ൽ മറുപടിക്ക്

# നിർദ്ദിഷ്ട കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

ചോദ്യം
ശ്രീ.കെ.സി.ജോസഫ്

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടുവന്ന ബിൽ രാജ്യത്തെ ഫെഡറൽ വ്യവസ്ഥയെ തകർക്കുന്ന രീതിയിലുള്ളതാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള നിർദേശങ്ങളിൽ ചിലത് ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങൾക്ക് നിരക്കുന്നതല്ല എന്ന സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര ഗവർണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത ബില്ലിലെ ഏതൊക്കെ വ്യവസ്ഥകളോടാണ് സർക്കാരിന് വിയോജിപ്പ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) സർക്കാരിന് വിയോജിപ്പുള്ള പ്രധാനമായ വ്യവസ്ഥകൾ ചുവടെ ചേർത്തിരിക്കുന്നു.<br>• വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിച്ച് സംസ്ഥാനത്തെ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയടക്കം വില്പന ചെയ്യുന്നതിന് സ്വകാര്യ സംരംഭകർക്ക് അവസരമൊരുക്കുന്നത്<br>• ക്രോസ് സബ്സിഡി സമ്പ്രദായം പൂർണമായി അവസാനിപ്പിക്കുന്നത്<br>• ക്രോസ് സബ്സിഡിക്ക് പകരമായി ഉപഭോക്താക്കൾ മുൻകൂറായി മുഴുവൻ തുകയും അടക്കേണ്ടി വരികയും സർക്കാർ സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്ന ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം നടപ്പിലാക്കുന്നത്<br>• വൈദ്യുതിയുടെ ഊഹക്കച്ചവടത്തിനടയാക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നത്<br>• സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളെയും ചെയർമാനെയും തിരഞ്ഞെടുക്കാനുള്ള അധികാരം കേന്ദ്രഗവണ്മെന്റിൽ നിക്ഷിപ്തമാകുന്നത്<br>• സംസ്ഥാനത്തെ വൈദ്യുതി നിരക്ക് നിർണ്ണയം കേന്ദ്ര ഗവണ്മെന്റ് നയത്തിനനുസരിച്ചാക്കുന്നത്<br>• സംസ്ഥാനത്തെ സ്വകാര്യ വൈദ്യുതനിലയങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കാനുള്ള അധികാരം, സംസ്ഥാന സർക്കാരിൽ നിന്നും എടുത്തുമാറ്റി കേന്ദ്രസർക്കാരിലേക്ക് മാറ്റുന്നത്.<br>രാജ്യത്തെവിടെയും ആർക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനു ലഭിക്കും വിധമുള്ള ഭേദഗതി |

| | |
|---|---|
| (സി) ക്രോസ് സബ്സിഡി മൂന്ന് വർഷം കൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന സംസ്ഥാനത്തെ കാർഷിക, ഗാർഹിക ഉപഭോക്താക്കളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ? | നിർദ്ദേശിക്കുന്നത്<br>(സി) കാർഷിക ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിവർഷം 2000 കോടി രൂപയുടെ ക്രോസ് സബ്സിഡി ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. ഇതുമൂലം ക്രോസ് സബ്സിഡി മൂന്നുവർഷം കൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന ഈ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുത നിരക്ക് കുത്തനെ ഉയരുവാൻ കാരണമാകും. |

സെക്ഷൻ ഓഫീസർ